## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ **2027** **05-05-2017** ൽ മറുപടിക്ക്

### <u>പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഇന്റഗ്രേറ്റഡ് സ്പോർട്സ് ഹോസ്റ്റലുകൾ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>„ സി.കെ.നാണു<br>„ കെ.ബി.ഗണേഷ് കുമാർ : | | ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി. |
| (എ) | കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്പോർട്സ് രംഗത്തെ മികവ് ചെറുപ്പത്തിൽത്തന്നെ കണ്ടെത്തുന്നതിനു വെള്ളായണിയിൽ സ്ഥാപിച്ച സ്പോർട്സ് ഹോസ്റ്റലിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | വെള്ളായണിയിലെ സ്പോർട്സ് എം.ആർ.എസ്സി-ൽ സ്പോർട്സ് അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി സെലക്ഷൻ ട്രയൽ നടത്തി അഞ്ചാം ക്ലാസ്സ്, പ്ലസ് വൺ എന്നിവയിലേയ്ക്ക് പ്രവേശനം നടത്തുന്നു. ആൺ പെൺ പ്രവേശനാനുപാതം 1 : 1 ആണ്. സ്പോർട്സ് ഓഫീസറുടെ നേതൃത്വത്തിൽ അത് ലറ്റിക്, ഫുട്ബാൾ, ജൂഡോ, റസ്സ്ലിംഗ്, തായ്ക്വാണ്ടോ, ജിംനാസ്റ്റിക് എന്നീ ഇനങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നു. ജില്ലാതലം മുതൽ ദേശീയതലം വരെയുള്ള എല്ലാ മത്സരങ്ങളിലും അർഹതയുള്ള വിദ്യാർത്ഥികളെ കൃത്യമായി പങ്കെടുപ്പിച്ചു വരുന്നു. ദേശീയ തലത്തിൽ യോഗ്യത നേടുന്ന വിദ്യാർത്ഥികൾക്ക് ദേശീയ ക്യാമ്പിലും, തുടർയോഗ്യതകൾ അനുസരിച്ച് അന്തർദേശീയ തലത്തിലുള്ള മത്സരങ്ങളിലും പങ്കെടുക്കാൻ സ്ഥാപനത്തിന്റെ പ്രവർത്തന ഫലമായി അവസരം കിട്ടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അതെ മാതൃകയിൽ കോളേജ് തലം വരെയുള്ള ആൺ പെൺ കുട്ടികൾക്ക് ഗുണകരമായ രീതിയിൽ ഇന്റഗ്രേറ്റഡ് സ്പോർട്സ് ഹോസ്റ്റലുകൾ സ്ഥാപിക്കുമോ; ഇതിനു എസ്.ടി.പി, എസ്.സി.പി ഫണ്ടുകൾ ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും (ഡി) യും | പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പരിശീലനകേന്ദ്രങ്ങളിൽ ലോകോത്തര നിലവാരമുള്ള കോച്ച്മാരെ നിയമിക്കുമോ; ഇന്ത്യയുടെ കായിക വികസനത്തിന് ഇതു മുതൽക്കൂട്ടാകും എന്ന് കരുതുന്നുവോ; | | |
| (ഡി) | പാലക്കാട് മെഡിക്കൽ കോളേജ്, ചിറ്റൂർ ഗവണ്മെന്റ് കോളേജ് എന്നിവയെ ഇതിനായി പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ